# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.36 07.01.2014-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും<br>വകുപ്പ് മന്ത്രി |

**പതിനാലാം ധനകാര്യ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| (എ)<br>പതിനാലാം ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ വ്യക്തമാക്കാമോ; | സംസ്ഥാന സർക്കാർ 14-ാം ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സംസ്ഥാനങ്ങൾക്ക് വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതം നിലവിലുള്ള 32 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കണം.<br>2. കഴിഞ്ഞ മൂന്ന് വർഷങ്ങളായി നിലവിലുള്ള സെസ്സുകളും സർചാർജ്ജുകളും വിഭജിക്കാവുന്ന കേന്ദ്ര നികുതി വിഹിതത്തിന്റെ പരിധിയിൽ കൊണ്ടു വരണം.<br>3. കേന്ദ്ര റവന്യൂ വരുമാനത്തിൽ വിവിധ ഇളവുകൾക്കായി മാറ്റിവയ്ക്കുന്ന തുകയുടെ (Revenue forgone) തോത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ നിലവിലുള്ള 6 ശതമാനത്തിൽ നിന്നും 3 ശതമാനമായി കുറയ്ക്കണം.<br>4. സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കാവുന്ന നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡത്തിൽ ജനസംഖ്യയ്ക്ക് മുൻതൂക്കം നൽകണം.<br>5. വനം, ജനസംഖ്യയിലെ വൃദ്ധരുടെ എണ്ണം, നഗരവൽക്കരണം, യഥാർത്ഥ ജനസാന്ദ്രത എന്നിവകൂടി കണക്കിലെടുത്ത്കൊണ്ട് 1971 ലെ ജനസംഖ്യയെ ക്രമപ്പെടുത്തണം.<br>6. മുൻകാല കേന്ദ്ര വായ്പകളും അതിന്മേലുള്ള പലിശയും എഴുതിതള്ളണം. |

| | |
|---|---|
| | 7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം സംസ്ഥാനങ്ങൾക്കായി വിഭജിക്കാവുന്ന നികുതി വിഹിതത്തിന്റെ 5 ശതമാനമായി വർദ്ധിപ്പിക്കണം.<br>8. യഥാർത്ഥ വരുമാന കമ്മി-Effective Revenue Deficit (മൂലധന ആസ്ഥികൾ വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ് കഴിച്ചുള്ള അറ്റ റവന്യൂ കമ്മി) പ്രധാന fiscal indicator ആയി പരിഗണിക്കപ്പെടണം.<br>9. റവന്യൂ കമ്മി സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ 1.5% ആയി നിജപ്പെടുത്തികൊണ്ട് ധന ഉത്തരവാദിത്ത നിയമത്തിലെ ലക്ഷ്യം പുന:ക്രമീകരിക്കുകയും ആയത് 5 വർഷത്തിലൊരിക്കൽ അവലോകനം ചെയ്യാവുന്നതുമാണ്.<br>10. വനവിഭവങ്ങളിൽ നിന്നുള്ള വരുമാന നഷ്ടവും, ഉയർന്ന കാർബൺ നിക്ഷേപവും കണക്കിലെടുത്തുകൊണ്ട് വനസംരക്ഷണം നടത്തുന്നതിന് കേരളത്തിന് അർഹമായ നഷ്ടപരിഹാരം നൽകണം.<br>11. ചതുപ്പ് നിലങ്ങളുടെ സംരക്ഷണത്തിനും തീരദേശ പരിപാലനത്തിനും വേണ്ടത്ര പരിഗണന നൽകണം.<br>12. പദ്ധതിയേതര റവന്യൂ കമ്മി നികത്തുന്നതിനും ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ് അനുവദിക്കണം. കൂടാതെ സംസ്ഥാനത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 15574.69 കോടി രൂപയുടെ ധനസഹായം അനുച്ഛേദം 275 പ്രകാരം അനുവദിക്കണം.<br>13. സംസ്ഥാന ദുരന്ത നിവാരണ ഫണ്ട് 30 ശതമാനം കണ്ട് വർദ്ധിപ്പിക്കണമെന്നും നിവാരണ ഫണ്ടിലെ കേന്ദ്രവിഹിതം നിലവിലെ 75 ശതമാനത്തിൽ നിന്നും 90 ശതമാനമായി വർദ്ധിപ്പിക്കണമെന്നും കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി)<br>പ്രസ്തുത കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലെ സമീപനങ്ങളോട് | സംസ്ഥാനം വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ള 14-ാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ വ്യവസ്ഥകളും അതിൻ മേൽ |

| | |
|---|---|
| വിയോജിക്കുകയുണ്ടായെങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് വിയോജിപ്പ് രേഖപ്പെടുത്തിയിരുന്നത്;<br>പ്രസ്തുത കാര്യങ്ങളിൽ സമർപ്പിച്ച ബദൽ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു; | സംസ്ഥാനം മുന്നോട്ട് വെച്ചിട്ടുളള ബദൽ നിർദ്ദേശങ്ങളും അനുബന്ധമായി ചേർക്കുന്നു. |
| (സി)<br>കേരളത്തിന്റ ആവശ്യങ്ങൾ വസ്തുതകൾ നിരത്തി കമ്മിഷനെ ബോധിപ്പിക്കാൻ സാധ്യമായിട്ടുണ്ടോ;<br>കമ്മിഷനുമായുളള ചർച്ചയ്ക്ക് വളരെ മുമ്പ് തന്നെ രാഷ്ട്രീയ പാർട്ടികളുമായും ധനകാര്യ വിദഗ്ദ്ധന്മാരുമായും ചർച്ച നടത്തി ആവശ്യങ്ങൾ ക്രോഡീകരിക്കുകയുണ്ടായോ;<br>ഇത് കമ്മീഷന് നിവേദനം നൽകിയതിന്റെ എത്ര ദിവസം മുമ്പായിരുന്നു; | കേരളത്തിന്റ ആവശ്യങ്ങൾ വസ്തുതകൾ നിരത്തി കമ്മിഷനെ ബോധിപ്പിക്കാൻ കഴിഞ്ഞിട്ടുളളതായി കരുതുന്നു. ബഹു. ധനകാര്യവകുപ്പ് മന്ത്രി ചെയർമാനായി കൊണ്ടും മുൻ കേന്ദ്ര റവന്യു സെക്രട്ടറി ശ്രീ. എം.ആർ. ശിവരാമൻ, സാമ്പത്തിക വിദഗ്ദ്ധന്മാരായ ശ്രീ. കെ. കെ. ജോർജ്ജ്, ശ്രീ. കെ. കെ. ജോൺ, ശ്രീ. ഡി. നാരായണ തുടങ്ങിയവരെയുൾപ്പെടുത്തിക്കൊണ്ട്<br>14-ാം ധനകാര്യ കമ്മീഷന് സമർപ്പിക്കാനുളള സംസ്ഥാനത്തിന്റെ കരട് നിവേദനം തയ്യാറാക്കാനുളള സമിതി രൂപീകരിക്കുകയും, ഇതുമായി ബന്ധപ്പെട്ട് നിരവധി യോഗങ്ങൾ നടത്തുകയും, 10.12.2013 ൽ സംസ്ഥാനത്തെ വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച നടത്തി നിവേദനത്തിലുൾപ്പെടുത്തേണ്ടുന്ന ആവശ്യങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിരുന്നു. ഇത് 14-ാം ധനകാര്യ കമ്മീഷന് നിവേദനം നൽകിയതിന് ഒരാഴ്ച മുമ്പായിരുന്നു. |
| ഡി).<br>ചർച്ചാവേളയിൽ ഏതെങ്കിലും ആവശ്യത്തിൻമേൽ അനുകൂലമായോ പ്രതികൂലമായോ പ്രതികരണം ഉണ്ടായോ;<br>സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ? | സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൻമേൽ കമ്മീഷൻ പൊതുവേ അനുകൂലമായ പ്രതികരണമാണ് നടത്തിയത്. എന്നാൽ നിവേദനത്തിലെ ചില വസ്തുതകളിൻമേൽ കമ്മീഷൻ സംസ്ഥാനത്തോട് വിശദവിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. നിവേദനത്തിന്റെ പകർപ്പ് ഉളളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**